File No.LSGD-EU1/172/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ആലുവ മുനിസിപ്പൽ സെക്രട്ടറിയുടെ പൂർണ അധിക ചുമതല മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി ഐശ്വര്യ സിംഗിന് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1650/2021/ത.സ്വ.ഭ.വ തീയതി.തിരുവനന്തപുരം, 31/08/2021

പരാമർശം:- 1. ആലുവ നഗരസഭാ ചെയർമാന്റെ 13/08/2021 ലെ കത്ത്.

ഉത്തരവ്

ആലുവ നഗരസഭ സെക്രട്ടറിയെ തൃശ്ശൂർ കോർപ്പറേഷൻ മേയറുടെ പി.എ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചതിനെ തുടർന്ന് സെക്രട്ടറിയുടെ അധിക ചുമതല നൽകിയിട്ടുള്ള നഗരസഭയിലെ പി.എ ടു സെക്രട്ടറി , കുടുംബശ്രീ- ശ്രുചിത്വ- പട്ടികജാതി പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ കുടുംബശ്രീ മെമ്പർ സെക്രട്ടറി എന്നിവർക്ക് സ്പാർക്ക് പെർമനന്റ് എംപ്ലോയ്മെന്റ് നമ്പർ (Permanent Employee Number) ഇല്ലാത്തതിനാൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടെ 2021-22 വാർഷിക പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ള വിവിധ പദ്ധതി തുകകൾ പിൻവലിക്കാനാവാതെ ഭരണ സ്തംഭനാവസ്ഥ സംജാതമായിരിക്കുന്നതായും ആയതിനാൽ പരാമർശിത പദ്ധതികളുടെ നിർവ്വഹണ ചുമതലപെർമനന്റ് എംപ്ലോയ്മെന്റ് നമ്പർ (Permanent Employee Number) ഉള്ള ഉദ്യോഗസ്ഥന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശ പ്രകാരം നഗരസഭാ ചെയർമാൻ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ആലുവ നഗരസഭ സെക്രട്ടറിയുടെ പൂർണ അധിക ചുമതല മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി.ഐശ്വര്യ സിംഗിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Jaisy Paul
അണ്ടർ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, ആലുവ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ